## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 3825

15.12.2014-ൽ മറുപടിയ്ക്ക്

### പോലീസ് സ്റ്റേഷനുകളിലെ മൂന്നാംമുറ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.കെ.ബാലൻ | ശ്രീ. രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ വന്നതിനുശേഷം എത്ര പേർ പോലീസ് സ്റ്റേഷനുകളിൽ മൂന്നാം മുറയ്ക്ക് വിധേയരായിട്ടുണ്ട്; ഇരയായവരുടെ വിശദാംശങ്ങൾ സ്റ്റേഷൻ തിരിച്ച് വ്യക്തമാക്കുമോ ; | (എ) & (ബി), വിവരം ശേഖരിച്ചു വരുന്നു. |
| (ബി) ഈ സർക്കാർ വന്നതിനുശേഷം എത്ര പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർ പോലീസ് സ്റ്റേഷനുകളിൽ മൂന്നാം മുറയ്ക്ക് വിധേയരായിട്ടുണ്ട്; ഇരയായവരുടെ വിശദാംശങ്ങൾ സ്റ്റേഷൻ തിരിച്ച് വ്യക്തമാക്കുമോ ; | |
| (സി) എത്ര രാഷ്ട്രീയ പാർട്ടി പ്രവർത്തകർ പോലീസ് സ്റ്റേഷനുകളിൽ മൂന്നാം മുറയ്ക്ക് വിധേയരായിട്ടുണ്ട് ; രാഷ്ട്രീയബന്ധം ഉൾപ്പെടെയുള്ള വിശദാംശങ്ങൾ സ്റ്റേഷൻ തിരിച്ച് ലഭ്യമാക്കുമോ ; | (സി) രാഷ്ട്രീയ പാർട്ടി പ്രവർത്തകർ ആരും തന്നെ പോലീസ് സ്റ്റേഷനുകളിൽ മൂന്നാം മുറയ്ക്ക് വിധേയരായിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | മൂന്നാം മുറയുമായി ബന്ധപ്പെട്ട് എത്ര പോലീസുകാരുടെ പേരിൽ സർക്കാർ ശിക്ഷാ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; പേര്, ഔദ്യോഗിക നാമം, ശിക്ഷാ നടപടി എന്നിവ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ സ്റ്റേഷൻ തിരിച്ച് വിശദമാക്കുമോ ; | (ഡി) | വിവരം ശേഖരിച്ചു വരുന്നു. |
| (ഇ) | മൂന്നാം മുറയെ തുടർന്ന് എത്ര പേർ കൊല്ലപ്പെട്ടിട്ടുണ്ട് ; സ്റ്റേഷൻ തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (ഇ) | ആരും കൊല്ലപ്പെട്ടിട്ടില്ല. |
| (എഫ്) | മൂന്നാം മുറയെ തുടർന്ന് എത്ര പേർ ആത്മഹത്യ ചെയ്തിട്ടുണ്ട് ; സ്റ്റേഷൻ തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ ? | (എഫ്) | ആരും ആത്മഹത്യ ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ